LIBRARY ARCHIVES Kerala Legislative Assembly

മുല്ലപ്പെരിയാർ പാരിസ്ഥിതിക പ്രശ്നങ്ങൾ ജസ്റ്റിസ് ആനന്ദ് കമ്മിറ്റി മുൻപാകെ ഉന്നയിക്കാതിരുന്നതിന്റെ കാരണം

315 (2190) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടി കവിയുമ്പോൾ ഉണ്ടാകുന്ന വനനശീകരണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സുപ്രീം കോടതി നിയമിച്ച ജസ്റ്റിസ് ആനന്ദ് കമ്മിറ്റി മുൻപാകെ ഉന്നയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ജലനിരപ്പ് 142 അടിയായി ഉയർന്നതുമൂലമുണ്ടായ നാശനഷ്ടങ്ങൾ കേന്ദ്ര സർക്കാരിനു മുമ്പാകെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന് മുമ്പാകെയോ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടി കവിയുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിശദമാക്കുന്ന കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ "Enviornmental and Social Impact Assessment of Increasing the Water Level at Periyar Lake in Periyar Tiger Reserve" എന്ന 2000-ലെ റിപ്പോർട്ട് കേരള ഡോക്യുമെന്റ് 5 ആയിട്ടും, കേരള ജലവിഭവ വകുപ്പ്, ഡോ. ധ്രുബജ്യോതിഘോഷ് റീജിയണൽ ഡൈസ് ചെയർമാൻ (സൗത്ത് ഏഷ്യ) കമ്മീഷൻ ഓൺ ഇക്കോ സിസ്റ്റം മാനേജ്മെന്റ്, IUCN (International Union For Conservation of Nature) ചെയർമാനായി രൂപീകരിച്ച 3 അംഗ നാഷണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ മേയ് 2007-ലെ റിപ്പോർട്ട് (An Assessment of the Ecological Impact of Water Level Increase at Mullapperiyar Dam) Kerala Document 6 ആയിട്ടും അസ്സൽ വ്യവഹാരം നമ്പർ 3/2006-ൽ സമർപ്പിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ മുമ്പിൽ സമർപ്പിച്ച എല്ലാ രേഖകളും പഠന റിപ്പോർട്ടുകളും ജസ്റ്റിസ് ആനന്ദ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ജലനിരപ്പ് 142 അടിയായി ഉയർന്നതുമൂലമുണ്ടായ നാശനഷ്ടങ്ങൾ ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷ നേതാവും ഉൾപ്പെടുന്ന സംഘം കേന്ദ്രസർക്കാരിനെ അറിയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ ഹരിത ട്രൈബ്യൂണലിനെ സമീപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.